




കഥ

# കള്ളൻ

## ഇ. കരുണാകരൻ

**വീ**ട്ടിൽ ഞാൻ തനിയെ ആയിരുന്നു. വാതിലുകളെല്ലാം ശരിക്കടച്ചശേഷമാണ് കിടക്കാൻ പോയത്. എന്നിട്ടും ഒരു തവണ എഴുന്നേറ്റ് ഒരിക്കൽകൂടി പരിശോധിച്ചു ബ്രഹ്മരക്ഷസ്, കുട്ടിച്ചാത്തൻ എന്നിവകളെപ്പോലെ ഒരു ഭീകരസങ്കല്പമായി കള്ളൻ എന്റെ ഉള്ളിലുണ്ടായിരുന്നു. കർക്കിടകരാവുകളിൽ കരിയും എണ്ണയും കൂട്ടിക്കുഴച്ച് മേലാകെ പുരട്ടി കറുത്ത ചെറിയൊരു ട്രൗസർമാത്രം ധരിച്ച കള്ളൻ വന്ന് പലരാത്രികളിലും എന്റെ ഉറക്കം ഞെട്ടിക്കാറുണ്ട്. അടുത്ത വീട്ടിലെ കുട്ടനെ വിളിക്കാമായിരുന്നു പക്ഷേ, കുട്ടനെന്തു കരുതും.

താഴെ തളത്തിൽ സീറോ ലാംപ് കത്തിച്ചശേഷം ചെറിയൊരു മൂളിപ്പാട്ടോടെ കോണിപ്പടികൾ ചവിട്ടിക്കയറി, ഒന്നുരണ്ടു തവണ വലിയ ശബ്ദത്തിൽ ചുമച്ചു കാർക്കിച്ചുതുപ്പി വിറകുപുരയുടെ നിഴലിലെ ഇരുട്ടിലേക്ക് നോക്കി മന്ദഹസിച്ചു. അവിടെ നിൽക്കുന്ന കള്ളനെ എനിക്ക് ഭയമില്ലെന്നും ഒരു മതാദ്ധ്യക്ഷനെപ്പോലെ ധീരനാണ് ഞാനെന്നും, കള്ളൻ നിൽക്കുന്നെങ്കിൽ അവനെ ബോദ്ധ്യപ്പെടുത്താനാണു ഞാൻ മന്ദഹസിച്ചത്.

നിറയെ കൊതുകുകൾ. ഫാൻ ഓൺ ചെയ്തു. പഴയ ടേബിൾഫാനായതുകൊണ്ടു തിരിയുമ്പോൾ ശബ്ദം. നീണ്ടകഥ വായിച്ചു വായിച്ചുറങ്ങുക കുറച്ചുകാലമായി എന്റെ പതിവാണ്. നീണ്ടകഥ വായിക്കാൻ കഴിയുന്നില്ല. ശ്രദ്ധ പതറിപ്പോകുന്നു. ഏകാഗ്രതിയിലേക്കുള്ള ഏണിപ്പടിയായി ദൈവത്തെ ഓർത്തു. ദൈവമേ മനസ്സിന്റെ ദുർബലതയെ നീ തകർക്കുക. പ്രഭോ, സ്വയം തകർക്കാൻ മാത്രം അസാധാരണനല്ലല്ലോ ഞാൻ. ഞാനെന്നെ അറിയുന്നു. മനസ്സ് ധ്യാനത്തിൽ മുഴുകാൻ മനസ്സ് ആഗ്രഹിച്ചു. വെറുതെ മൂലയിലെ ഹാങ്ങറിൽ, ഫാനിന്റെ കാററിലിളകുന്ന ഷർട്ടുകളിലേക്കു നോക്കി കിടന്നു. താഴെ കാലൊച്ചകൾ കേൾക്കുന്നുണ്ടോ. എട്ടു മൈൽ ദൂരെ വൃദ്ധദമ്പതികൾ മാത്രമുള്ള വീട്ടിൽ പത്തു മണിക്കുമുമ്പേ കള്ളന്മാർ കയറിയ വാർത്ത ഓർത്തുപോയി.

ഞാൻ വാതിൽ തുറക്കുന്നു. ഇരുട്ടിന്റെ മറവിൽ നിന്നു കള്ളൻ തോക്കുചൂണ്ടി മുന്നോട്ടു നിൽക്കുന്നു. പതിഞ്ഞ സ്വരത്തിൽ ‘മിണ്ടാതിരുന്നോ മിണ്ടിയാൽ കൊന്നുകളയും.’ അപ്പോൾ പൊടുന്നനെയുണ്ടാവുന്ന ധീരതയിൽ ശബ്ദിച്ചുപോയാലോ. ചിലപ്പോൾ ഞാൻ എനിക്കുതന്നെ അവിശ്വസനീയമായ രീതിയിൽ ധീരനാകാറുണ്ട്. എന്നിൽനിന്ന് ധീരൻ തലയുയർത്താറുണ്ട്. ‘ഒരടി മുന്നോട്ട് നീങ്ങിയാൽ നിന്റെ ശവം വീഴും. ഖബർദാർ!’ ഒന്ന് രണ്ട് മൂന്ന്... സെക്കൻഡുകൾ. കാഞ്ചി വലിഞ്ഞു. തോക്കിന്റെ ഉണ്ടയുടെ വേഗത്തിൽ ഒഴിഞ്ഞുമാറി. കണ്ണാടി പൊട്ടിച്ചിതറി. ചാടി കാലിന്നിടിച്ചു. കള്ളൻ മലർന്നടിച്ചു വീണു പ്രാകൃതശബ്ദത്തിൽ പോർവിളികൾ. കള്ളൻ രണ്ടാമൻ പതുങ്ങി പതുങ്ങി കോണി കയറിവരുന്നു. കൈയിൽ ഇരുമ്പുദണ്ഡുമായി, ഓ... സ്വപ്നത്തിൽ പാലത്തിൽനിന്നു വീണുപോയി. ഞെട്ടിത്തെറിച്ചു.

വേണ്ട ഒതുങ്ങിക്കിടക്കുന്നതാണ് നല്ലത്.

കോണിപ്പടി ശബ്ദിച്ചത് പൂച്ച കയറിയത്.

ഡ്രാക്കുള! പേടിപ്പെടുത്തുന്ന സങ്കല്പങ്ങൾ പ്രേതനൃത്തം ചെയ്യുന്നതെന്താണ്. വിദൂരദേശത്തിലെന്നോ എഴുതിയ ഒരു സങ്കല്പ കഥയുടെ ഓർമയിൽ ഇവിടെയിരുന്നു വിറയ്ക്കുന്നോ? തലണയ്ക്കു താഴെ ടോർച്ചുണ്ട്. തീപ്പെട്ടിയുണ്ട്, മെഴുകുതിരിയുണ്ട്. കത്തിയുണ്ടെങ്കിൽ കള്ളന് സഹായകമാവും. തമാശ ഓർത്തപ്പോൾ ചുറ്റുപാട് ലഘുവായ പോലെ തോന്നി. ഇനി ഉറങ്ങുക.

പെട്ടെന്ന് ഭൂമികുലുക്കമായി ഇടി മുഴങ്ങി, തീപിടിച്ചപോലെ മിന്നലും. ലൈറ്റ് പോയി, വാതിൽ തുറക്കാൻ മുൻപ് തോന്നിയതെന്ത്? ഗാർളിക് പൂക്കൾ മുറിയിൽ തൂക്കണം. ഗാർലിക് പൂക്കളോ – എന്ത് വിഡ്ഢിത്തമാണിത്. ഇടിമിന്നൽ കണ്ട് ലൈൻ ഓഫാക്കിയതാവും. കള്ളൻ മെയിൻ സ്വിച്ച് ഓഫാക്കിയതാണോ? ദൈവമേ നേരം വെളുത്ത് കിട്ടണമല്ലോ.

വിളക്ക് കൊളുത്തണോ? വിളക്ക് മനസ്സിൽ കൊളുത്താതെ അന്ധകാരം മാറിക്കിട്ടുമോ? മോചനം ഭയത്തിൽനിന്ന്, ലൈറ്റ് തെളിഞ്ഞു. ദൈമേ പ്രകൃതിയിൽനിന്ന് അകലെയായ ഞാൻ എങ്ങനെ ധീരനാകും. പ്രകൃതിയിലുള്ളതൊക്കെ ധീരമാണോ?

പുറമെ ഇടിമുഴക്കം കുറഞ്ഞു. ചീവീടിന്റെ ശബ്ദം നിർത്താതെ, കുട്ടനും വേണുവുമൊക്കെ ഉറങ്ങിയിരിക്കുന്നു. ടീച്ചറും ഭർത്താവും ഉറങ്ങിയിരിക്കുന്നു.

ലൈററണച്ചു. സ്ട്രീറ്റ് ലൈററിനെ മറച്ചുനിന്നു ചാഞ്ചാടുന്ന തെങ്ങോലയുടെ നിഴൽ ചുമരിൽ ആനക്കുഞ്ഞിനെപ്പോലെ നൃത്തം വെച്ചു. ചെറുപ്പത്തിൽ അച്ഛൻ പറഞ്ഞുതന്ന കർണന്റെ കഥയോർത്തു. കൈപ്പത്തി നെഞ്ചിൽ കെട്ടി, കണ്ണടച്ചു കിടന്നു. ഉറക്കം കാത്തുകൊണ്ട്. കണ്ണടഞ്ഞുപോയത് ഞാനറിഞ്ഞില്ല.

ഞെട്ടിയുണർന്നത് എന്തോ ശബ്ദം കേട്ടാണ്. ശ്രദ്ധിച്ചു. എന്താണത്. ടോർച്ചടിച്ചു സമയം നോക്കി. രണ്ടരമണി. രാവിലെയാവാൻ ഇനിയും സമയം കഴിയണം.

ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. ആർക്കുമെന്നെ ഒന്നും ചെയ്യാനാവില്ല. ശബ്ദത്തോടെ വാതിൽ തുറന്നു. കള്ളൻ കയറിയിട്ടുണ്ടെങ്കിൽ ഓടിക്കോട്ടെ. എങ്ങോട്ടാണ് ഈ ഉറങ്ങുന്ന വന്യമായ രാത്രിയിൽ മരണത്തിലേക്കോ? അത്ര എളുപ്പമാണോ മരിക്കാൻ. ഇതെന്തു തമാശ.

പതുക്കെ കോണിപ്പടി ഇറങ്ങി. ടോർച്ചടിച്ചുകൊണ്ട് കോണിപ്പടിക്കുമുകളിലെ ബൾബ് ഫ്യൂസായിട്ടു കുറച്ചുദിവസമായി. നാളെ വാങ്ങണം. ഫോൺ മേശപ്പുറത്തുതന്നെയുണ്ട്. അരികിൽ ടെലിഫോൺ ഡയറക്ടറിയും.



സീറോ ബൾബ് കത്തുന്നു. അസുഖകരമായ അരണ്ട വെളിച്ചത്തിൽ. വാതിൽ തുറന്നു കിടക്കുന്നല്ലോ. അടയ്ക്കാൻ നോക്കിയപ്പോൾ കൈ ഞൊടിക്കുന്ന ശബ്ദം. ഞെട്ടിത്തിരിഞ്ഞു. മേശയ്ക്കരികിലെ കസേരയിൽ, ചുവന്ന മുഖം സീറോ ലൈറ്റിന്റെ ചുവന്ന വെളിച്ചം. ചുരുണ്ട മുടി, തലച്ചോറ് പൊള്ളിപ്പോയി. ചെവി കൊട്ടിയടഞ്ഞു. നിന്നനില്പിൽ നിന്നുപോയി. കൺമഷിയെഴുതിയ കണ്ണുകളിൽ തമാശകാണുന്ന ഭാവം. മിണ്ടാൻ വയ്യ, കരയാൻ വയ്യ, ചിരിക്കാൻ വയ്യ. ഒടുവിൽ വിധിക്ക് കീഴടങ്ങാൻ തയാറായ ഒരാളെപോലെ നനുത്ത ഇടർച്ചയുള്ള ശബ്ദത്തിൽ ചോദിച്ചു: ‘നിങ്ങളാരാണ്’ എന്റെ ശബ്ദം ഞാൻ തന്നെ കേൾക്കരുതെന്ന് ആഗ്രഹിച്ചു.

“ധീരനാണല്ലോ പേടിക്കേണ്ട, എന്റെ കൈയിൽ ഒരായുധവുമില്ല.” പിന്നെ കടുത്ത സ്വരത്തിൽ പറഞ്ഞു.

“എനിക്കതിന്റെ ആവശ്യവുമില്ല. എനിക്കു വല്ലാതെ വിശക്കുന്നു. ആഹാരം വേണം, പിന്നെ കുറച്ചു പൈസ കിട്ടിയാൽ നന്നായിരുന്നു.”

തീൻമേശയ്ക്കുമുകളിലെ ലൈററിട്ടു. അയാൾക്ക് പുറംതിരിഞ്ഞു നിൽക്കാൻ ഞാൻ ഭയപ്പെട്ടു. ‘വരൂ’, ഇടർച്ചമാറിയ ശബ്ദത്തിൽ വിളിച്ചു. തന്റെ മെലിഞ്ഞ ഉയരമുള്ള ശരീരം അയാൾ കസേരയിലേക്കെറിഞ്ഞു.

മനുഷ്യനല്ലേ സംസാരിക്കാമല്ലോ. വീതികുറഞ്ഞ നെറ്റിയിലേക്കുനോക്കി ഞാൻ ചോദിച്ചു. ‘പേരെന്താ?’

‘കള്ളൻ’

‘കള്ളൻ! മറ്റു പേരെന്നും...’

‘ഈ പെരിനെന്താണു മോശം, ഇത്രയും നല്ലപേര് ഇക്കാലത്ത് ആർക്കുണ്ട്.’

‘ശരിയാണ്. ആർക്കുമില്ല. എങ്ങനെ അകത്തുകയറി,’ ഞാൻ ചുറ്റുപാട് ലഘുവാക്കാൻ വേണ്ടി ചോദിച്ചു. ‘ഒരു കള്ളനെപ്പോലെ’ മുകളിലേക്ക് നോക്കൂ ഒരു തടസവുമില്ലാതെ വിളറിയ ആകാശം കാണുന്നു.

‘തണുത്ത ചോറെയുള്ളൂ. കറിയൊന്നുമില്ല. തൈരും പച്ചമുളകും തരാം.’

‘മതി’

‘ആർത്തിയോടെ ചോറുവാരിവിഴുങ്ങി. കൈകഴുകി. സിഗറേറ്റ് കേയ്സെടുത്തു തുറന്നു എന്റെ നേർക്കു നീട്ടി, സൗഹാർദത്തോടെ മന്ദഹസിച്ചു. ഞാൻ ഒരെണ്ണമെടുത്തു, തീ കാണിച്ചു കൊടുത്തു. അങ്ങനെ ധൈര്യമായിരിക്ക്. എങ്ങനെ പേടിക്കാതിരിക്കും അല്ലേ. രാത്രി ഓടിളക്കി അകത്തുകയറി, പക്ഷേ, ഭയപ്പെടേണ്ട, ഞാൻ നിങ്ങളെ ഒന്നും ചെയ്യില്ല.’

‘എത്ര രൂപ വേണം...’ ഞാൻ ഭവ്യതയോടെ ചോദിച്ചു.

‘രൂപയോ?’ മനസ്സിലാവാത്ത മട്ടിൽ, രൂപ ചോദിച്ചകാര്യം ഓർമിപ്പിച്ചു. ‘ഓ അതാണോ, അധികമൊന്നും വേണ്ട. രാവിലെ പറയാം നിങ്ങൾ നല്ലവനാണ്. എനിക്കു ചോറു തന്നു. കള്ളനായ എന്നെ വിശ്വസിക്കുന്നു. ഓടിളക്കി അകത്ത് കയറിയവനാണെങ്കിലും എന്നെ അതിഥിയായി കണക്കാക്കുന്നു.’

‘ഇല്ല നിങ്ങളെ ഞാൻ വിശ്വസിക്കുന്നില്ല. എങ്ങനെ വിശ്വസിക്കും, എങ്ങനെ വിശ്വസിക്കാതിരിക്കും.’

അയാൾ കത്തികൊണ്ട് കീറി കുടൽമാല വലിച്ചെടുത്തു.

‘ഇത് വാഴനാരാണോ?’ ‘അല്ല, കുടൽമാലയാണ്.’

‘സുഹൃത്തെ, ഓടിളക്കി അകത്തു കയറിയതു വെറുമൊരു തമാശയെന്നു കരുതിയാൽ

മതി. നിങ്ങളെ ഭയപ്പെടുത്താനല്ല. തമാശ മാത്രമല്ല ഞാൻ നേരെ വന്നു വാതിലിൽ മുട്ടിവിളിച്ച് എനിക്ക് വിശക്കുന്നു എന്നുപറഞ്ഞാൽ നിങ്ങളെനിക്ക് ചോറുതരില്ല. അതോർത്ത് ഇങ്ങനെ ചെയ്തതാണ്. ക്ഷമിക്കണം. നാളെ രാവിലെ നമുക്ക് എല്ലാം സംസാരിക്കാം. വല്ലാത്ത ക്ഷീണം. ഒന്നുറങ്ങിയാൽ കൊള്ളാം. ഞാനീ മേശപ്പുറത്തു കിടന്നോളം.'

'ഇവിടെ കിടക്കയും തലയണയുമൊന്നുമില്ലാതെ...'

കള്ളൻ പൊട്ടിച്ചിരിച്ചു. 'ആദ്യം കള്ളനും കഞ്ഞീം കറീം വെച്ചുകൊടുത്തു. ഇനിയിപ്പോ കിടക്കേം തലയണേം, കൊള്ളാം.'

കുട്ടന്റെ വീട്ടിൽ നിന്ന് ഒന്നാം കോഴി കൂവി. കള്ളൻ മേശപ്പുറത്ത് നീണ്ടുനിവർന്നു കിടന്നു. വശ്യമായ മന്ദഹാസത്തോടെ പറഞ്ഞു.

'സഹോദരാ, കിടന്നോളൂ. നേരം കുറേയായി, പേടിക്കേണ്ട, ഞാനിവിടെയുണ്ട്. ഞാനിവിടെ ഉള്ളപ്പോൾ ഒരു കള്ളനും ഇവിടെ കേറില്ല. നിങ്ങളിവിടെ തനിച്ചാണെന്നെനിക്കറിയാം. നിങ്ങളെയെനിക്കു കൊല്ലാമായിരുന്നു. നിങ്ങളുടെ ഭാര്യയുടെ പണ്ടങ്ങൾ കക്കാമായിരുന്നു. പക്ഷേ, നാമൊക്കെ എത്രയായാലും മനുഷ്യരല്ലേ. ഇതൊക്കെ കള്ളന്റെ വാക്കുകളായി തള്ളിക്കളയരുതേ. എന്നെ കണ്ടാൽ കള്ളനാണെന്ന് തോന്നുമോ? എല്ലാം ഒരു ചാൺ വയറിനുവേണ്ടി. സഹോദരാ നിങ്ങളുടെ അടുത്തുനിൽക്കുമ്പോൾ എന്റെ മനഃസാക്ഷി എന്നെ കുത്തുന്നു. കിടക്കൂ സഹോദരാ, നേരം കുറെയായി.'

കുട്ടന്റെ വീട്ടിലെ കോഴി വീണ്ടും കൂവി.

വെളിച്ചത്തു കണ്ടപ്പോൾ കള്ളനിൽ ഭയപ്പെടുത്തുന്ന ഒന്നുമുണ്ടായിരുന്നില്ല. വശ്യമായ മന്ദഹാസം ക്ഷീണിക്കാത്ത, തിളങ്ങുന്ന കണ്ണുകൾ. വെരി സ്മാർട്ട്. എന്നാലും ഓടിളക്കി അകത്തു കയറിയവനാണ്. ഇക്കാലത്ത് ആരുണ്ട് ഇങ്ങനെ എന്തെങ്കിലും സർക്കസ് കാട്ടാത്തവർ. വിശ്വസിക്കുക. വിശ്വാസം രക്ഷിക്കുമെന്നല്ലേ.

ഞാൻ പലതും ആലോചിച്ചു കിടന്നു.

എന്റെ പേര് വിളിച്ച് ആരോ കുലുക്കി വിളിക്കുന്നു. കുട്ടനാണ്. വീണ്ടും കണ്ണടഞ്ഞുപോകുന്നു. കണ്ണടച്ചുതന്നെ ചോദിച്ചു എന്തുപറ്റി.

'ഇന്നലെ വാതിലടച്ചിരുന്നില്ലേ?' പരിഭ്രമസ്വരത്തിൽ കുട്ടൻ ചോദിച്ചു.

പെട്ടെന്നോർത്തു. 'അടച്ചിരുന്നു കള്ളൻ താഴത്തില്ലേ?'

ഒരു ചിരി കുട്ടന്റെ മുഖത്തുകൂടി നിഴൽപോലെ പാഞ്ഞുപോയി. താഴെ വന്നു നോക്കിൻ.

താഴെ ഒഴിഞ്ഞ മുറികൾ, ഞാൻ ഇങ്ങോട്ട് വീട് മാറിയേ ഉള്ളൂ. സാധനങ്ങൾ ലോറിയിൽ വരുന്നേയുള്ളു. തീൻമേശമാത്രം ആദ്യമെത്തി. അതിനുമുകളിലൊരു കത്ത്.

സുഹൃത്തേ, പെരുമാറ്റം കലയാകുന്നു, മനസ്സല്ല. കള്ളൻമാർ മറ്റു പേരു പറയുമ്പോൾ മനുഷ്യൻ നിസ്സഹായരാവുന്നു. ഞാനങ്ങനെ ചെയ്തില്ലല്ലോ. കള്ളന്മാർ അപൂർവമായിരുന്ന കാലത്തെ വേഷവിധാനങ്ങൾ ധരിച്ച കള്ളനെ ഭയപ്പെട്ടിരിക്കയായിരുന്നു നിങ്ങൾ. ആ റൊമാന്റിക് യുഗം ഇങ്ങിനിവരാത്ത വണ്ണം അസ്തമിച്ചു. നിർത്തട്ടെ.

ആശംസകളോടെ

സ്വന്തം കള്ളൻ.